

Edayoor Post
Valanchery
Malappuram Dt

മുഹമ്മദ് അബ്ദുൽ അഹദ് തങ്ങൾ

ജനനം : 1927 ജൂലായ്, തളിപ്പറമ്പ്
പിതാവ് : അയിനിക്കാട്ട് ശൈഖ് അബ്ദുല്ലക്കോയ തങ്ങൾ (അറിയപ്പെട്ട ഇസ്‌ലാഹീ പ്രവർത്തകനായിരുന്നു. കെ. എം. മൗലവിയുടെ സഹപാഠിയും ചാലിലകത്ത് കുഞ്ഞഹമദാജിയുടെ ശിഷ്യനുമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ സജീവ പങ്കുവഹിച്ചു. ഐക്യ സംഘത്തിലും പ്രവർത്തിച്ചു. 1963 ൽ അന്തരിച്ചു.
മാതാവ് : കുഞ്ഞീബി (ജീവിച്ചിരിപ്പില്ല)
ഭാര്യ : നഫീസ
മക്കൾ : ഹമീദുദ്ദീൻ (ഖത്തർ റേഡിയോ സ്റ്റേഷനിൽ ജോലിനോക്കുന്നു), അബ്ദുൽ ജലീൽ (ദുബായ് ടെലഫോണിൽ ജോലി ചെയ്യുന്നു). മുഹമ്മദ് അബ്ദുർ റഹ്മാൻ (ഖത്തർ), അബ്ദുൽ സലാം (തിരൂരങ്ങാടി പി. എസ്. എം. ഒ. കോളേജിൽ പഠിക്കുന്നു), അബ്ദുൽ ഗഫൂർ, അബ്ദുൽ ബാരി, സഫീറ, മുനീറ, സാജിദ

തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്നും ഇൻറർ മീഡിയറ്റ് പാസായ അഹദ് തങ്ങൾ പുളിക്കൽ മദീനത്തുൽ ഉലൂ

മിൽ രണ്ട് വർഷം വിദ്യാർത്ഥിയായും അതേസമയം അധ്യാപകനായും ചെലവഴിച്ചു. ജമാഅത്തെ ഇസ്ലാമിയുടെ കേരളത്തിലെ പ്രഥമ കേന്ദ്രമായിരുന്ന എടയൂരിൽ ഓഫീസ് സെക്രട്ടറിയായും 'പ്രബോധനം' പത്രമാപ്പീസിൽ ക്ലാർക്കായും സേവനമനുഷ്ഠിച്ചു. 1959 മുതൽ ഇസ"ലാമിക് പബ്ലിഷിംഗ് ഹസിൻറെയും പ്രബോധനം പ്രതിപക്ഷ ദൈവാരികയുടെയും മാനേജറായി ഉയർന്നു. 1964 മുതൽ പ്രബോധനം വാരിക മാസികകളുടെ പ്രിന്ററും പബ്ലിഷറുമാണ്. ഇടയ്ക്ക് രണ്ടു വർഷം ശാന്തപുരം ഇസ്ലാമിയാ കോളേജ് മാനേജരായിരുന്നിട്ടുണ്ട്. 1975 മുതൽ ജമാഅത്തെ ഇസ്ലാമി കേരളാ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. ഇടക്കു കുറച്ചുകാലം ജമാഅത്തെ ഇസ്ലാമി കേരള മുആവിൻ അമീറും ആകടിംഗ് അമീറും ആയിരുന്നു. ഇപ്പോൾ സെക്രട്ടറിയാണ്. കേരള മജ്ലിസുതഅലീമുൽ ഇസ്ലാമിയിലും ജമാഅത്തു അഖിലേന്ത്യാ പ്രതിനിധിസഭയിലും അംഗമാണ്. തിരുവനന്തപുരം ഇസ്ലാമിക് കോംപ്ലക്സിൻറെയും എടയൂർ ജംഇയ്യത്തുൽ മുസ്തർശിദിൻറെയും പ്രസിഡണ്ടാണ്. അടിയന്തിരാവസ്ഥകാലത്ത് മഞ്ചേരി സബ് ജയിലിൽ കഴിഞ്ഞിട്ടുണ്ട്.

എഴുത്തുകാരനും പ്രാസംഗികനുമല്ലാത്ത അഹദ് തങ്ങൾ ജമാഅത്തെ ഇസ്ലാമിയുടെ ജീവനാഡികളിൽ ഒന്നാണ്. സംഘടനയുടെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നു.

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library